"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് കണ്ണൂർ ജില്ലയിൽ പട്ടുവം ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ച ഭവന സമുച്ചയത്തിലെ ഫ്ലാറ്റുകൾ ലൈഫ് ഭൂരഹിത ഭവന രഹിതർക്ക് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഡിഇ)വകുപ്പ്**

സ.ഉ.(സാധാ) നം.1670/2025/LSGD തീയതി,തിരുവനന്തപുരം, 04-07-2025

പരാമർശം:- 1. പട്ടുവം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26.12.2024 ലെ കത്ത്.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 24/04/2025 ലെ ഖണ്ഡിക 4.37 തീരുമാനം

**ഉത്തരവ്**

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് (KSHB) കണ്ണൂർ ജില്ലയിലെ പട്ടുവം ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ച 587 ചതുരശ്ര അടി വീതം വിസ്തീർണ്ണമുള്ള ഫ്ലാറ്റ് ഉൾപ്പെടുന്ന ഭവന സമുച്ചയം ഫ്ളാറ്റ് ഒന്നിന് 6.50 ലക്ഷം രൂപ വിലയ്ക്ക്, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിന് നൽകാമെന്ന് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് അറിയിച്ചതിനെ തുടർന്ന് ലൈഫ് ഗുണഭോക്തൃപട്ടികയിലെ ഭൂരഹിത പട്ടികയിൽ ഉൾപ്പെട്ട 23 കുടുംബങ്ങൾക്ക് നൽകാൻ തീരുമാനിച്ചിരുന്നു. പട്ടുവം ഗ്രാമപഞ്ചായത്തിലെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട ഭൂരഹിത ഭവനരഹിതർക്ക് 6 ലക്ഷം രൂപ പഞ്ചായത്ത് വിഹിതവും ബാക്കി 50000 രൂപ ഗുണഭോക്താവ് വഹിക്കണമെന്ന നിബന്ധനയിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് 6 ലക്ഷം രൂപ ഒറ്റത്തവണയായി അടവാക്കുന്നതിനുള്ള അനുമതി നൽകുന്നതിന് പരാമർശം 1 പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണയ്ക്ക് സമർപ്പിച്ചിരുന്നു.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 24/04/2025 ലെ യോഗം ഈ വിഷയം പരിശോധിച്ചു. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

കണ്ണൂർ ജില്ലയിലെ പട്ടുവം ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ച ഭവന സമുച്ചയത്തിലെ ഫ്ലാറ്റുകൾ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ലൈഫ് ഭൂരഹിത ഭവന രഹിതർക്ക് നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ലൈഫ് ഭൂരഹിത ഭവനരഹിത കുടുംബത്തിന് നൽകാവുന്ന പരമാവധി തുകയെ അനുവദിക്കാവൂ.

ii. ലൈഫ് ലിസ്റ്റിലുള്ള അതിദരിദ്ര്യ വിഭാഗത്തിൽ പെട്ട കുടുബത്തിനാണ് ആദ്യം ഫ്ലാറ്റ് നൽകേണ്ടത്.

iii. അതിദരിദ്ര്യ കുടുബത്തിന് ഗുണഭോക്തൃ വിഹിതമായ 5000ം രൂപ EPIP -ക്ക് വേണ്ടി മാറ്റി വച്ചിരിക്കുന്ന പദ്ധതി വിഹിതത്തിൽ നിന്നും നൽകേണ്ടതാണ്.

iv. EPIP കുടുംബത്തിന് ഫ്ലാറ്റ് നൽകിയ ശേഷം ഫ്ലാറ്റ് സ്വീകരിക്കാനുള്ള മറ്റു ഗുണഭോക്താക്കളുടെ താത്പര്യം പരിഗണിക്കുമ്പോൾ ലൈഫ് ഗുണഭോക്തൃ പട്ടികയിലെ മുൻഗണന പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി പട്ടുവം ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പ്

തദ്ദേശ സ്വയംഭരണ(ഐ.എ) വകുപ്പ്

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba. S. C
Date: 05-07-2025 11:22:50

സെക്ഷൻ ഓഫീസർ